

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

27 DECEMBER 2019

30 RABI'UL AAKHIR 1441 AH

# BECOME THE HELPERS OF ALLAH!
## അല്ലാഹുവിന്റെ സഹായികളായി തീരുക

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അല്ലാഹുവിന്റെ സഹായികളായി തീരുക** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

വിശ്വസിച്ചവരെ, നിങ്ങൾ അല്ലാഹുവിന്റെ (കാര്യത്തിൽ) സഹായികളാവുക. മർയമിന്റെ മകൻ ഈസാ (തന്റെ) അനുയായികളോട് അല്ലാഹുവിന്റെ കാര്യത്തിൽ എന്നെ സഹായിക്കുന്നവരാരുണ്ട് എന്ന് ചോദിച്ച അവസരത്തിൽ (സംഭവിച്ചതു പോലെ) ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണെന്ന് ആ അനുയായികൾ പറഞ്ഞു. അങ്ങനെ, ഇസ്റായീൽ സന്തതികളിൽ നിന്ന് ഒരു വിഭാഗം വിശ്വസിച്ചു. മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. അപ്പോൾ വിശ്വസിച്ചവരെ അവരുടെ ശത്രുക്കൾക്കെതിരിൽ നാം ബലപ്പെടുത്തി. അങ്ങനെ അവർ വിജയികളായി തീർന്നു. (സൂറ:അസ്സ്വഫ് 61:15)

മാനവസമുദായചരിത്രത്തിലെ, ചില സന്ദർഭങ്ങളിൽ ചില അടിസ്ഥാനപരമായ തീരുമാനങ്ങൾ എടുക്കേണ്ടി വരുന്നതാണ്. അത് സമുദായങ്ങളിലെ ഭൗതികകാര്യങ്ങളിലുമാകാം, ആത്മീയ കാര്യങ്ങളിലുമാകാം. അത്തരം സാഹചര്യവുമായി പൊരുത്തപ്പെട്ടു പോകേണ്ടി വരുമ്പോൾ, ലോക പ്രശസ്തമായ ഒരു ആപ്തവാക്യം ഉപയോഗിക്കേണ്ടതായി വരുന്നു. അവർ തീരുമാനിക്കേണ്ടതായി വരുന്നു. വേണോ അതോ വേണ്ടയോ? ചോദ്യം ഇതാണ്, ഇന്നത്തെ ചോദ്യം ഇതു തന്നെയാണ്. നിങ്ങൾ പുരോഗതി പ്രാപിക്കുമോ അതോ അധോഗതിയിൽ നശിച്ചോ

ടുങ്ങുമോ?

മതലോകത്ത് വിശ്വാസ ഉൽപത്തിമുതൽ, അത് ദൈവീകതയാൽ ഉള്ളതാണ്. അതിന് ഈ നിയമം ബാധകമല്ല. ദൈവീക സമുദായങ്ങൾ പുരോഗതി പ്രാപിക്കുന്നതാണ് എന്നത് വിധിക്കപ്പെട്ട കാര്യമാണ്. ഒതുങ്ങിക്കൂടി ഇരിക്കുവാനുള്ള ഒരു ചോദ്യവും അതിലില്ല. അവർ ലക്ഷ്യ പ്രാപ്തിയിലെത്തുന്നതിന്, അവർക്കുള്ളതെല്ലാം ത്യാഗം ചെയ്യുവാൻ അവർ തയ്യാറായിരിക്കുന്നവരാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ചരിത്രത്തിൽ ഇപ്പോൾ അത്തരം ഒരു സാഹചര്യം ഉയർന്നുവന്നിരിക്കുകയാണ്. നമ്മുടെ ഈ കാലത്ത്, ഞാൻ മുകളിൽ പാരായണം ചെയ്ത ദൈവ വചനം തികച്ചും കാലികമാണ്.

ഈസ(അ)അല്ലാഹുവിന്റെ പ്രവാചകനും മസീഹുമായിരുന്നു. അദ്ദേഹം മരണപ്പെട്ടുപോയിരിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ പ്രതിബിംബം വീണ്ടും ഈ നൂറ്റാണ്ടിൽ, അല്ലാഹു(ത)യുടെ ഇച്ഛപ്രകാരം ആഗതരായിരിക്കുന്നു. നിങ്ങൾക്കെല്ലാപേർക്കും ഒരു പുതുജീവിതം പാട്ടത്തിന് തരുന്നതിനായി മുസ്ലിംകളും ക്രിസ്ത്യാനികളും ഈ സത്യത്തിന്റെ യഥാർത്ഥ കാര്യം ഗ്രഹിക്കുവാൻ തയ്യാറാണോ? ഇസ്രായീലിയരിലേക്ക് വന്ന അല്ലാഹുവിന്റെ ദൂതൻ, മർയമിന്റെ മകൻ, ഈസ(അ) ശാരീരകമായി ഇറങ്ങിവരുമെന്ന പ്രതീക്ഷ,നിങ്ങൾ അവസാനിപ്പിക്കുവാൻ തയ്യറാണോ?

ഇപ്പോൾ, ഇതാ, ഒരു പുതിയ നൂറ്റാണ്ട് സമാഗതമായിരിക്കുന്നു. ഇത് ഇസ്ലാമിന്റെ നൂറ്റാണ്ടാണ്, ഇത് ശാശ്വതമായി നിലനില്ക്കുന്നതാണ്. ഖിയാമത്തു നാൾ വരേയ്ക്കും ഇത് നിലനില്ക്കുന്നതാണ്. എല്ലാ മതങ്ങളും അതിന്റെ ഉത്ഭവം ദൈവീകതയിലൂടെ ആണെങ്കിലും, നൂറ്റാണ്ടുകളിലൂടെയുള്ള അതിന്റെ പ്രയാണം മൂലം ജനങ്ങളിൽ നിന്നും പ്രസ്തുത മതാധ്യപനത്തിന്റെ സത്ത നഷ്ടപ്പെട്ടുപോയിരിക്കുന്നു. അതായത് ഏകദൈവാരാധന! അങ്ങനെ, കാലത്തോടൊപ്പം ദൈവത്തിന് പങ്കുകാരെ ചേർക്കൽ എല്ലാ മതങ്ങളിലും കടന്നു കൂടിയിരിക്കുന്നു. അടിസ്ഥാനപരമായി അവർ പല ദേവന്മാരെയും, ദേവിമാരെയും ആരാധിക്കുന്നവരായി മാറി. അതു സത്യമായി നില്ക്കുന്നു. അവരുടെ അധ്യാപനങ്ങളിൽ കളവും കൂടി ചേർത്തു നിർത്തി. ആധുനിക ദൈവീകതയിലെ അധികാര ദാഹം തീർക്കാൻ അവർ കണ്ടെത്തിയ വഴി ഇതാണ്. (അതായത് ഉന്നതരായ പുരോഹി

തന്മാരും, പണ്ഡിറ്റ്കളും സ്വീകരിച്ച വഴിയാണിത്.

എന്നാൽ ഇപ്പോൾ, ഒരു ദൈവീക മനുഷ്യന്റെ ആവിർഭാവമുണ്ടായിരിക്കുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ പ്രതിപുരുഷനായി വന്നിരിക്കുകയാണ്. ആഗമനോദ്ദേശ്യം കടന്നു കഴിഞ്ഞ മുഴുവൻ വിശ്വാസസംഹിതകളിലും സംഭവിച്ച പിഴവുകൾ തിരുത്തി ശരിയാക്കുന്നതിനു വേണ്ടിയാണ്. നിർണ്ണായക സമയത്താണ് ആഗമനമുണ്ടായത്. എല്ലാ തെറ്റായ വിശ്വാസസംഹിതകളും മാറ്റി, വികലമായി തീർന്ന വിശ്വാസസംഹിതകളെ, പരിശുദ്ധമാക്കി എടുക്കുക.

വിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്നു. വിശ്വാസികളെന്നു സ്വയം പറയുന്നവരെല്ലാം, അല്ലാഹുവിന്റെ വഴിയിൽ സഹായികളാവുക. മർയമിന്റെ മകനായ ഈസ(അ) തന്റെ അനുചരന്മാരോടു പറഞ്ഞതുപോലെ അല്ലാഹുവിന്റെ വഴിയിൽ നിങ്ങളിൽ നിന്ന് ആരാണ് എന്നെ സഹായിക്കുന്നത്? ഇസ്റായീൽ സന്തതികളിൽ നിന്ന് ഒരു വിഭാഗത്തെ അല്ലാഹു(ത) വിശ്വാസികളാക്കി മാറ്റി. മറ്റൊരു വിഭാഗത്തെ അവിശ്വാസികളുമാക്കി മാറ്റി. തുടർന്ന് അല്ലാഹു(ത) പറയുന്നു അപ്പോൾ വിശ്വസിച്ചവരെ, അവരുടെ ശത്രുക്കൾക്കെതിരിൽ നാം ബലപ്പെടുത്തി. അങ്ങനെ അവർ വിജയികളായി തീർന്നു.

വിശുദ്ധഖുർആനിൽ പരാമർശിതമായ ഈ സംഭവം, വളരെയധികം അത്ഭുതകരമായിരിക്കുന്നു. ഈസ(അ) സഹായം ചോദിച്ചത് കയ്യിലൊന്നുമില്ലാത്തവരോടാണ്. അദ്ദേഹത്തിന്റെ ശിഷ്യന്മാർ സാധുക്കളായിരുന്നു. സമ്പത്തില്ലാത്തവരായിരുന്നു. സന്യാസിമാരെപോലെയുള്ള വ്യക്തികളായിരുന്നു. പാശ്ചാത്യാധിപത്യത്തിൽ കീഴിലുള്ള സാമ്രാജ്യത്തിൻ കീഴിലായിരുന്നു അവർ ജീവിച്ചിരുന്നത്. അതിന്റെ അതിരുകൾ വിദൂര കിഴക്കും പടിഞ്ഞാറും വരെ നീണ്ടു കിടക്കുന്നതായിരുന്നു. അവർ വസിച്ചിരുന്ന പ്രദേശങ്ങളിലും പട്ടണങ്ങളിലും വളരെ കുറച്ചു സ്വാധീനം മാത്രമെ അവർക്കുണ്ടായിരുന്നുള്ളു. അവർ പീഢിതരും നിസ്സഹായകരുമായിരുന്നു. യേശുവിനെ ക്രൂശിലേറ്റിയപ്പോൾ അവർ നിസ്സഹായകരായിരുന്നു. അവർക്കൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല. അദ്ദേഹത്തെ സഹായിക്കുവാൻ കഴിവില്ലാത്ത അത്തരം ആളുകളോട് ദൈവമാർഗത്തിൽ സഹായിക്കുവാൻ ആരുണ്ട് എന്ന ചോദ്യം അത്ഭുതകരമായി തോന്നുന്നില്ലേ? എന്നിരു

ന്നാലും, ഇവിടെ പ്രസ്തുത സംഭവം, ഹസ്രത് മുഹമ്മദ് മുസ്ത ഫ(സ)യുടെ ശ്രദ്ധയിൽ കൊണ്ടു വരുകയാണ്. എന്നിട്ട് അതേ നിലയിൽ തന്റെ അനുചരന്മാരെ അഭിസംബോധന ചെയ്യു വാൻ പറയുകയാണ്.

നാം ഇവിടെ സ്വയം ഓർക്കാണ്ടേതായിട്ടുണ്ട്. അതായത് ഈസ(അ)യുടെ അനുചരന്മാർ പീഡന വിധേയരാക്കപ്പെട്ടു. അവർ പാവപ്പെട്ടവരോ കഴിവില്ലാത്തവരോ ആയതിന്റെ പേരി ലല്ലാ മറിച്ച് അവർ പീഡിപ്പിക്കപ്പെട്ടത് ഈസ(അ)ന്റെ ശിഷ്യന്മാരാ യതിന്റെ പേരിലാണ്. ഈസ(അ)ൽ ഉള്ള അവരുടെ വിശ്വാസ ത്തിന്റെ പേരിലാണ്. അദ്ദേഹം സ്വയം പ്രഖ്യാപിച്ചു താൻ മസീഹ് ആണെന്ന്! ആ സമയത്തുള്ള ജൂതന്മാരുടെ പിഴച്ചനിലപാടു കളെ അദ്ദേഹം ചോദ്യം ചെയ്യുകയുണ്ടായി. ഹസ്രത് ഈസ( അ)യും ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യും ആവശ്യപ്പെട്ട സഹായം ഭൗതികപരമായ കാര്യത്തിനു വേണ്ടി ആയിരുന്നി ല്ല. മറ്റൊരു വാക്കിൽ പറഞ്ഞാൽ അല്ലാഹു(ത) അവരോട് ആവ ശ്യപ്പെട്ട സഹായം ഭൗതികപരമായ കാര്യത്തിന് വേണ്ടി ആയി രുന്നില്ല.

പ്രകടമായ നിലയിൽ, ഇതു ഒരു ഭൗതികമായ കാര്യമാ യിരുന്നില്ല. പ്രസ്തുത സമയത്തെ ആവശ്യം കഠിനമായ സേവ നങ്ങളായിരുന്നില്ല. ശക്തരായ യോദ്ധാക്കളെയും ആയിരു ന്നില്ല; ധനവാന്മാരേയും ആയിരുന്നില്ല, ശക്തരും പ്രശസ്തരു മായ രാഷ്ട്രതന്ത്രജ്ഞരെയും ആയിരുന്നില്ല. ഇത്തരം സേവ നങ്ങൾ ചെയ്യുന്നതിന് സ്വയം സമർപ്പിതമായ ഉന്നതസംഘങ്ങ ളിൽ പെട്ട ഒരാളും വന്നില്ല. പൗരാവകാശങ്ങളിൽ നിന്നും ആട്ടി ഓടിക്കപ്പെട്ടവരും. നിന്ദ്യരാക്കപ്പെട്ടവരും, കുറ്റം ചാർത്തപ്പെട്ടവ രും, നിർദ്ദാക്ഷ്യണ്യം മർദ്ദിക്കപ്പെട്ടവരും, പൊതുനിരത്തിലൂടെ വലിച്ചിഴയ്ക്കപ്പെട്ടവരും, അവരുടെ നിസ്സഹായതയിലും കഴിവി ല്ലായ്മയിലും, സാഹചര്യത്തിനൊത്ത് ഉയരുകയും ഈസ(അ) യാൽ അവർ ക്ഷണിക്കപ്പെട്ടപ്പോൾ, അല്ലാഹവിന്റെ സഹായിക ളായി ലിസ്റ്റിൽ ഇടം തേടപ്പെട്ടവരാണവർ. മഹത്തായ പ്രാധാന്യ മുള്ള ഒരു മറഞ്ഞ സന്ദേശം ഇതിൽ മറഞ്ഞുകിടക്കുന്നില്ലേ? പരി ശുദ്ധപ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യെ അല്ലാഹു(ത) അഭി സംബോധന ചെയ്യുമ്പോൾ ഈ സംഭവം എത്തിക്കേണ്ടതായി രുന്നില്ലേ? ഇതേ രീതിയിൽ സഹായം തേടുവാൻ അദ്ദേഹത്തോട്

നിർദ്ദേശിക്കേണ്ടതായിരുന്നില്ലേ? ഈ വിഷയം അത്ഭുതകരമായി തോന്നുന്നില്ലേ?

നമുക്ക് ഈ കാര്യത്തെ മറ്റൊരു വീക്ഷണത്തിൽ നോക്കി കാണാം. അല്ലാഹു(ത)യ്ക്ക് എപ്പോഴെങ്കിലും സഹായം ആവശ്യമുണ്ടോ? സത്യത്തിൽ സഹായം വേണ്ടത് വ്യക്തികൾക്കാണ്, അടിച്ചമർത്തപ്പെട്ടവർക്ക് അഥവ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക്, അവർക്ക് അല്ലാഹുവിനോടു സഹായം തേടാം. അതുപോലെ അവരെപോലെയുള്ള മനുഷ്യരോട് സഹായം ആവശ്യപ്പെടാം! അല്ലാഹു(ത) എല്ലാ നിലയിലും സ്വയം പര്യാപ്തനാണ്, അവന് ആരുടെയും സഹായം ആവശ്യമില്ല. അവന്റെ ദുർബലരായ സൃഷ്ടികളായ നമുക്കാണ് സഹായം ആവശ്യമായിട്ടുള്ളത്, അവന് നമ്മുടെ സഹായം ആവശ്യമില്ല.

ഇന്നും, സമയം നിർണ്ണായകമാണ്. അവനിൽ നിന്നും വിശ്വാസം നഷ്ടമായിരിക്കുന്നു. ഇന്ന് നമുക്ക് ചുണ്ടുകൊണ്ട് പറയുവാൻ കഴിയും. അവൻ മുസ്ലിം ആണെന്ന്. എന്നാൽ അവന്റെ പ്രവർത്തനങ്ങൾ ഇസ്ലാമിനെ പ്രകാശിപ്പിക്കുന്നതല്ല. കാരണം അവർ അല്ലാഹുവിന്റെ അധ്യാപനങ്ങളിൽ നിന്നും അകന്നുപോയിരിക്കുന്നു. മുസ്ലിംകൾ അല്ലാത്തവർ, വിശിഷ്യാ ലോകത്തിലെ മഹാശക്തികൾ, മുസ്ലിംകളെ തകർത്ത് തരിപ്പണമാക്കുവാനുള്ള വഴികൾ തേടുകയാണ്. അവർ മുസ്ലിംകളെ ഒരു വിപത്തായാണ് കാണുന്നത്. രഹസ്യമായി അവർ ഭയപ്പെടുന്നുണ്ട്, എല്ലാ മുസ്ലിംകളും വീണ്ടും ഏകോപിച്ചു കഴിഞ്ഞാൽ, അവർ ലോകത്തെ ആക്രമിക്കും, അവരുടെ പൊള്ളയായ ഇച്ഛകൾക്ക് അതു വളരെ വലിയ തടസ്സമാകും. ഇസ്ലാം ലോകമെങ്ങും വ്യാപിക്കും, വിശ്വാസമെന്ന നിലയിൽ മാത്രമല്ല അത് അധികാരമേല്ക്കുന്നത്, ഒരു ജീവിതവഴി എന്ന നിലയിലും, ഭരിക്കുന്ന ഭരണക്കൂടം എന്ന നിലയിലും!

ഇന്നും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ അല്ലാഞ്ഞിട്ടുപോലും, നമ്മുടെ മറ്റു മുസ്ലിം സഹോദരന്മാർ, ലോകത്ത് ഇന്ന് വളരെയധികം പീഡനങ്ങൾ അനുഭവിക്കുകയാണ്. ഇപ്പോൾ ഇന്ത്യയിലും ഹൃദയശൂന്യനായ നരേന്ദ്രമോദി സർക്കാർ രാജ്യത്തെ ഒരു ഹിന്ദുരാഷ്ട്രം ആക്കുവാൻ ശ്രമിക്കുകയാണ്. ഇൻഡ്യയിലെ മുസ്ലിം അഭയാർത്ഥികളെ തകർക്കുന്നതിനുള്ള ശ്രമമാണിത്. ഇൻഡ്യൻ പൗരത്വം അവർക്ക് നിഷേധിക്കുകയാ

ണ്. അവർ മുസ്ലിംകൾ ആയതിന്റെ പേരിൽ മാത്രം! മുസ്ലിംകൾ അല്ലാത്ത അഭയാർത്ഥികൾ, മുസ്ലിംകളെ പോലെയുള്ള പീഡനങ്ങൾ അനുഭവിക്കേണ്ടി വരില്ല. ഇതെന്തു മാനസികനിലയാണ്!

അപ്പോൾ നോക്കൂ! ഈ ഖുർആനിക വചനം ഇന്ന് ഇപ്പോൾ എങ്ങനെയാണ് പ്രയോഗിക തലത്തിൽ വരുന്നതെന്ന്! ഇതേ വചനം ഈസ(അ)ന്റെ കാലത്ത് പ്രയോഗത്തിൽ വന്നതാണ്; ഇതേ വചനം ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ കാലത്തും പ്രയോഗത്തിൽ വരികയുണ്ടായി. വസ്തുത ഇതാണ്, ഈ വചനം അല്ലാഹുവിന്റെ പ്രതിനിധികൾ നൂറ്റാണ്ടുകൾതോറും വരുമ്പോഴെല്ലാം പ്രായോഗിക തലത്തിൽ വരുന്നതാണ്. അതുകൊണ്ട് നാം അല്ലാഹുവിന്റെ മാർഗത്തിൽ ഹൃദയംഗമമായി, ആത്മസാന്നിധ്യത്തോടെ സഹായിക്കുവാൻ (നാം) തയ്യാറാകാത്തിടത്തോളം അവന്റെ (അല്ലാഹുവിന്റെ) കാരുണ്യം ഇറങ്ങുകയില്ല. നാം ഒന്നായിത്തീരണം, നാം ഒന്നായിത്തീരുന്നതാണ്. അല്ലാഹു(ത) ആഗ്രഹിക്കുന്നത്. ഇപ്പോൾ മുസ്ലിംകൾക്ക് ഇത് ബോധ്യമാകുന്നില്ലെങ്കിൽ, അപ്പോൾ പിന്നെ അവർക്ക് എപ്പോഴാണ് മനസ്സിലാകുന്നത്!?

എണ്ണത്തിന്റെ വലിപ്പം കൊണ്ട് അല്ലാഹുവിനെ സ്വാധീനിക്കുവാൻ കഴിയുകയില്ല; ശക്തികൊണ്ടും അവനെ സ്വാധീനിക്കുവാൻ കഴിയുകയില്ല, വലിയ സ്ഥാനമാനങ്ങൾ കൊണ്ടും അവനെ സ്വാധീനിക്കുവാൻ കഴിയുകയില്ല; ഇതൊക്കെ ഉണ്ടെന്നു കരുതുന്ന ഒരു സംഘത്തിനും അവനെ സ്വാധീനിക്കുവാൻ കഴിയുകയില്ല. എണ്ണപ്പെരുപ്പവും, വ്യക്തമായ അധികാരവും സമ്പൂർണ്ണമായും അവന്റെ മുമ്പിൽ അപ്രസ്ക്തമാണ്. അല്ലാഹുവിന്റെ അധികാരം, ശക്തി മറ്റെല്ലാ അധികാരങ്ങളെയും ശക്തിയേയും അതിജയിക്കുന്നതാണ്. എന്നാൽ അല്ലാഹു(ത) പരീക്ഷണങ്ങളിലൂടെ (അല്ലാഹു(ത) നോക്കുകയാണ് അല്ലാഹുവിനെ സഹായിക്കുവാൻ ജനങ്ങൾ ഏതളവോളം തയ്യാറാകുന്നു എന്ന്. അതായത് അവന്റെ മാർഗത്തിൽ കഠിനയത്നം ചെയ്യുക, സത്യത്തിനു വേണ്ടി കഠിനശ്രമം നടത്തുക.

ഏകാധിപതികളും അധികാരമോഹികളുമായ ആളുകളെ അല്ലാഹു(ത) യ്ക്ക് നിമിഷനേരം കൊണ്ട് തീർക്കുവാൻ കഴിയും. ഒരു സെക്കന്റിൽ താഴെയുള്ള സമയം മതി.

അവർക്കായി ശിക്ഷ വിധിക്കാം. ഈ ചോദ്യം വീണ്ടു വരുന്നു. ഉണ്ടാകണോ അതോ ഉണ്ടാകണ്ടയോ? ക്ഷണനേരം കൊണ്ട് അവർ ഒരിക്കലും ഇവിടെ നിലനിന്നിട്ടില്ലാത്ത നിലയിൽ അവർക്ക് പോകാം. എന്നാൽ എല്ലാത്തിനും ഒരു നിശ്ചിത സമയമുണ്ട്.

സത്യവാന്മാരും സ്വാത്വികരുമായ മുസ്ലിംകൾ, ഭൗതിക ധന സമൃദ്ധി ഇല്ലെങ്കിൽ പോലും, അല്ലാഹു(ത) യ്ക്ക് അവരെ ഈ ലോകത്തിന്റെ യജമാനന്മാരാക്കി മാറ്റുവാൻ കഴിയും. അതിനുള്ള ശക്തി അവനുണ്ട്. ആത്മീയമായ നിലയിലും ഭൗതികമായ നിലയിലും! അല്ലാഹു(ത)തേടുന്ന, വിശ്വാസികളിൽ നിന്നുള്ള സഹായം, അതിന് ആത്മീയ പ്രാധാന്യമുണ്ട്! ഒരു പാവപ്പെട്ട വ്യക്തിക്ക് ഏഴുരൂപാ ഉണ്ടെന്നിരിക്കട്ടെ! അവൻ ഈ രൂപാ എല്ലാം അല്ലാഹുവിന്റെ വഴിയിൽ ചെലവഴിച്ചു. ത്യാഗത്തിന്റെയും സ്വാത്വികതയുടെയും സത്ത ഉൾക്കൊണ്ട് കൊണ്ടാണ് അങ്ങനെ ചെയ്തത് എന്നും കരുതുക. നിങ്ങൾ കരുതുന്നുണ്ടോ? അല്ലാഹു(ത) അവനെ സഹായിക്കുകയില്ലാ എന്ന്? അല്ലാഹു(ത) അവനിൽ സംതൃപ്തനായിരിക്കുമോ? ഈ ചെറിയ തുക അവന്റെ ആവശ്യനിർവ്വഹണത്തിനായി അല്ലാഹു(ത) യ്ക്ക് ആവശ്യമുണ്ടോ? ഇല്ല. പിന്നെ എന്താണ് അല്ലാഹു(ത) ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്? അല്ലാഹുവിന്റെ ദീനിനുവേണ്ടി അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുവാൻ അവൻ ചെയ്യുന്ന ഓരോ പ്രയത്നത്തിനും അതിലൂടെ ലഭിക്കുന്ന ധനം, ചെലവഴിക്കുമ്പോൾ, അല്ലാഹു(ത) അതിനേക്കാൾ കൂടുതൽ പ്രതിഫലം, പ്രസ്തുത അധ്വാനത്തിനും, ധനത്തിനും അവൻ നല്കുന്നതാണ്.

അവന്റെ വിനീത സേവകനെന്ന നിലയിലും, അവന് പരിപൂർണ്ണമായി കീഴടങ്ങിക്കൊണ്ടും ഇതേ സന്ദേശം ഞാനിന്ന് നിങ്ങൾക്ക് നല്കുകയാണ്. ഇന്ന് പ്രത്യക്ഷപ്പെട്ട നിലയിലുള്ള വലിപ്പത്തിൽ ഇസ്ലാമിക ചരിത്രത്തിൽ ഒരിക്കലും, ഇതിനു മുൻപ് ഒരു പ്രതിസന്ധിഘട്ടം ഉണ്ടായിട്ടില്ല. ഈ ലോകത്തിലുള്ള എല്ലാ മുസ്ലിംകളോടും ഞാനിന്നു ചോദിക്കുകയാണ്. അല്ലാഹുവിന്റെ വഴിയിൽ എന്നെ സഹായിക്കുവാൻ ആരാണുള്ളത്?

അല്ലെയോ! ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ പ്രിയപ്പെട്ട ദാസന്മാരെ! അല്ലാഹുവിന്റെ നാമത്തിൽ, നിങ്ങളുടെ സഹായിത്തിനായി ഞാൻ ക്ഷണിക്കുകയാണ്. ഹാജരാകുവാൻ കല്പി

ക്കുകയാണ്. നിങ്ങൾക്കുള്ളതെല്ലാം നിങ്ങൾ അല്ലാഹുവിനായി സമർപ്പിക്കുക. സർവ്വശക്തനായവന്റെ പേരിൽ ഞാൻ സത്യം ചെയ്തു പറയുന്നു, അങ്ങനെ ആയാൽ അവനെ ആശ്രയിക്കുന്ന അവന്റെ സൃഷ്ടികൾ അഖിലത്തെയും നിങ്ങൾക്കുവേണ്ടിയുള്ള സേവനത്തിനായി അവൻ നിയോഗിക്കുന്നതാണ്. ഈ ദൈവീക വിധിയെ മറികടക്കുവാൻ ഭൂമിയിൽ ഒരു ശക്തിയുമില്ല. ഇത് വിധിച്ചു കഴിഞ്ഞ കാര്യമാണ്. ഇതിന്റെ അനന്തരഫലം വിജയമല്ലാതെ മറ്റൊന്നുമില്ല. വിധിച്ചനാൾ മുതൽ അത് അങ്ങനെതന്നെയാണ്.

പീഡിപ്പിക്കപ്പെട്ടവരും നിസ്സഹായകരുമായ സേവകന്മാരോട് അവൻ കാരുണ്യം കാണിക്കുന്നു. അവർ സ്വമനസ്സാലെ അവർക്കുള്ളതെല്ലാം ദൈവവഴിയിൽ ചെലവഴിക്കുവാൻ തയ്യാറായവരാണ്. അതിന്റെ മറുപടി എന്ന നിലയിൽ അല്ലാഹു(ത) അവരെ സഹായിക്കുന്നു. ഈ പ്രതിഭാസത്തെ എത്ര വ്യക്തമായിട്ടാണ് വിവരിക്കപ്പെട്ടിരിക്കുന്നത്? അപ്രകാരം നാം ചെയ്യുകയില്ലേ? നമ്മുടെ കുട്ടികളുടെ പ്രതികരണം എങ്ങനെയുണ്ടെന്ന് പരീക്ഷിക്കാനായി നാം ചില ആവശ്യങ്ങൾ അവരുടെ മുൻപാകെ വെയ്ക്കാറുണ്ട്! അതുപോലെ, അല്ലാഹുവിന്റെ പേരിൽ ചില ആവശ്യങ്ങൾ മനുഷ്യരുടെ മുൻപാകെ വെച്ചിരിക്കുകയാണ്.

അല്ലാഹു(ത) വ്യക്തമാക്കിയിട്ടുണ്ട്, അത്തരം ആളുകളെ സഹായിക്കുവാൻ അല്ലാഹു(ത) വരുന്നതാണ്, അവർക്ക് അവൻ വിജയം നല്കുന്നതാണ്. അവരുടെ ശത്രുക്കളെ അവൻ കീഴ്പ്പെടുത്തിക്കൊടുക്കുന്നതാണ്. ശത്രുക്കൾ എത്രവലിയ ശക്തന്മാരായാലും ശരി. ഇസ്ലാമിക ചരിത്രത്തിലും, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലും അത്തരം ഒരു നിർണ്ണായക ഘട്ടത്തിൽ നാം എത്തിച്ചേർന്നിരിക്കുകയാണ്.

ഈ പ്രശ്നം പരിഹരിക്കുന്നതിനായി, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ, വസ്തുവകകളും സാധനസാമഗ്രികളും ഏതു രീതിയിലാണ് സമർപ്പിക്കപ്പെടേണ്ടത്? ആവശ്യമായാൽ ഏതുരീതിയിലുള്ള ത്യാഗമാണ് അർപ്പിക്കേണ്ടത്, ഈ സഹായം ഏതു രീതിയിലാണ് ഉപയോഗിക്കേണ്ടത്? ഇത് ഒരു നിസ്സാര തീരുമാനമല്ല. വളരെ പ്രധാനപ്പെട്ടതും അടിസ്ഥാനപരവുമായ ചില കാര്യങ്ങൾ ഇതിൽ ഉൾക്കൊണ്ട് കിടക്കുന്നു. തീരുമാനം എടുക്കുന്നതിനുമുൻപ് ഇതെല്ലാം പരിഗണിക്കേണ്ടിയിരിക്കുന്നു. രാവും പകലും ദൈവീക നിർദ്ദേശം ലഭിക്കുന്നതിനായി തേടി

കൊണ്ടിരിക്കുകയാണ്; ഈ കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങൾക്കുള്ള പരിഹാര ചിന്തയിലാണ് ഞാനിപ്പോൾ വ്യാപൃതനായിരിക്കുന്നത്.

ഈ പ്രഥമഘട്ടത്തിൽ ഞാൻ നിങ്ങളുടെ സഹായം തേടുകകയാണ്. ഹൃദയാംഗമമായ നിലയിൽ, കാര്യമായ നിലയിൽ ആവർത്തിച്ചുള്ള പ്രാർത്ഥനയ്ക്കായി, അങ്ങനെ ആയാൽ സർവ്വശക്തനായ അല്ലാഹു(ത) എനിക്ക് മാർഗദർശനം നല്കിയേക്കാം. ഇസ്ലാമിന്റെ വിജയം കൊണ്ടു വരുവാനുള്ള ഒരു സൗധം അവൻ എനിക്കു നല്കിയേക്കാം. മുസ്ലിംകളുടെയും മാനവകുലത്തിന്റെയും ബോധത്തെ തട്ടിയുണർത്തുവാൻ കഴിഞ്ഞേക്കാം. ഈ കാര്യത്തിന്റെ ഗൗരവം ജനങ്ങൾ മനസ്സിലാക്കുന്നില്ലെങ്കിൽ ഒന്നും തന്നെ ചെയ്യുവാൻ സാധിക്കുകയില്ല. വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ് ഞാൻ പറയുന്നത്. എന്തെന്നാൽ നിങ്ങളും നിങ്ങളുടെ ഹൃദയ വിചാരവികാരങ്ങളും, ഉദ്ദേശ്യങ്ങളും, സ്വഭാവങ്ങളും, പ്രവർത്തനങ്ങളും എല്ലാം അവന്റെ (ദൈവത്തിന്റെ) ഇച്ഛകൾക്കനുസൃതമായിട്ടായിരിക്കണം. അവന്റെ സഹായത്താൽ എല്ലാ ശക്തികളെയും കീഴ്പ്പെടുത്തുവാൻ കഴിയുമെന്ന് വിധിക്കപ്പെട്ട കാര്യമാണ്. ഈ വിധിക്ക് മാറ്റം വരുന്നതല്ല. ഈ ഗോളത്തിന്റെ ചലനവും സ്ഥിതിയും, ആകാശഗോളങ്ങളുടെ ചലനവും സ്ഥിതിയും മാറിയേക്കാം, മാറ്റം സംഭവിച്ചേക്കാം, മുഴുസൃഷ്ടിയും, തവിട് പൊടിയായി മാറിയേക്കാം, എന്നാൽ അല്ലാഹു(ത)യുടെ വിധിക്ക് മാത്രം മാറ്റമുണ്ടാവുകയില്ല. നാം മൂല്യവത്തായി എടുക്കേണ്ടത് ഇതാണ്. നാം ഏറ്റവും നല്ല നിലയിൽ വിശ്വസിക്കേണ്ടതും! നമ്മൾ ജീവിക്കും, നാമിതിൽ വിശ്വസിക്കും, ഇത് വിശ്വസിച്ചുകൊണ്ടായിരിക്കും നാം മരിക്കുന്നതും.

എനിക്ക് യാതൊരു സങ്കോചവുമില്ല, ഒരു ഭയവുമില്ല, എന്റെ ഭാഗത്തു നിന്ന് ത്യാഗം ചെയ്യുന്നതിനും, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനു വേണ്ടി! കാരണം അല്ലാഹു(ത)യാണ് നമ്മെ ഉയർത്തിയത്, സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ടതാണ് ഈ കാര്യം. എന്നാൽ വളരെ പ്രധാനപ്പെട്ടതുമാണ്. അവന്റെ കാരുണ്യത്താൽ, നമ്മുടെ മേൽ അവൻ ധൈര്യം വർഷിച്ചിരിക്കുകയാണ്; സമാധാന ഉടമ്പടി നല്കിയിരിക്കുന്നു, ക്ഷമ പ്രദാനം ചെയ്തിരിക്കുന്നു. സാഹചര്യം ആവശ്യപ്പെടുമ്പോൾ ഞാൻ ഒരു ത്യാഗത്തിനും കുറവു വരുത്തുന്നതല്ല, അത് എത്ര തന്നെ വലുതായാലും ശരി!

എന്നാൽ അല്ലാഹു(ത) എനിക്ക് ബുദ്ധിയുടെ ഒരളവ് നല്കിയിരിക്കുന്നു. ഏതൊരു പോരാട്ടത്തിനും അത്യാവശ്യമായി വേണ്ടത് ഈ വിഷയത്തിലുള്ള സൂക്ഷ്മമായ ഗൃഹപാഠമാണ്. അതാണ് അതിന്റെ ആദ്യപടി. ഒരണുകിട വിഭവവും നാം, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, പാഴാക്കുന്നില്ല എന്ന് (നാം) ഉറപ്പ് വരുത്തേണ്ടതാണ്. ഇസ്ലാമിന് മൊത്തത്തിൽ നഷ്ടം സംഭവിക്കുന്നയാതൊന്നും ചെയ്യാൻ പാടില്ലാത്തതാകുന്നു.

നാം ഓരോരുത്തരും സ്വയം ഓർത്തിരിക്കേണ്ടതാണ്, അതായത് ഈസ(അ)ന്റെ കാലത്തും, പരിശുദ്ധപ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ കാലത്തും ഉണ്ടായ പ്രസ്തുത ത്യാഗം ഈ നൂറ്റാണ്ടിൽ പുതിക്കി എടുക്കേണ്ടതാണ്. ഇത് നവീകരിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. ഇത് അല്ലാഹുവിന്റെ നടപടിക്രമമാണ്. ഈ വചനത്തെപറ്റി അല്ലാഹു(ത) എനിക്ക് മാർഗദർശനം നല്കിയില്ലായിരുന്നുവെങ്കിൽ, നിങ്ങൾക്കിത് വിശദീകരിച്ചു തരുവാൻ കഴിയുമായിരുന്നില്ല. നിങ്ങളിൽ നിന്ന് എന്താണ് വിശദീകരിച്ചു തരുവാൻ കഴിയുമായിരുന്നില്ല. നിങ്ങളിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നതെന്ന് അറിയുവാൻ കഴിയുമായിരുന്നില്ല. ദൈവീക ദൃഷ്ടാന്തങ്ങളുടെ കാലഘട്ടങ്ങളിൽ, അല്ലാഹു(ത) അവൻ തന്നെയാണ് റൂഹുൽ ഖുദ്സിലൂടെ അവന്റെ പ്രതിനിധിക്ക് മാർഗനിർദ്ദേശം നല്കുന്നത്. അദ്ദേഹത്തിലൂടെ ലോകത്തിന് ഒരു മാറ്റം കൊണ്ടു വരുന്നു. അപ്പോൾ ജനങ്ങളുടെ ബാധ്യതയാണ്, പ്രസ്തുത ദൂതൻ പറയുന്ന ഉപദേശങ്ങൾ ശ്രദ്ധിക്കുകയും അനുസരിക്കുകയും ചെയ്യുക എന്നത്. പ്രസ്തുത ദൂതൻ അല്ലാഹുവിൽ നിന്നും വന്നതാണ്, ആയതിനാൽ ഇസ്ലാമിന്റെ യഥാർത്ഥ ഫലം ജനങ്ങൾക്ക് രുചിക്കുവാൻ കഴിയുന്നതാണ്. പ്രസ്തുത ഫലം സംശുദ്ധമായ ദൈവീക സ്നേഹമാണ്. അവന്റെ മാർഗത്തിൽ എല്ലാം ചെലവുചെയ്യുന്നവർക്കായി, ത്യാഗം ചെയ്യുന്നവർക്കായി അവൻ പ്രസ്തുത സ്നേഹം കരുതിവെച്ചിരിക്കുകയാണ്. അങ്ങനെ അവന്റെ ദീൻ ഭൂമിയിൽ അതിശക്തമായി സ്ഥാപിക്കപ്പെടുന്നതാണ്. ഈ ജോലിയിലാണ് നാം വിജയം നേടേണ്ടത്. നമ്മുടേതായ നിലിയിൽ മാത്രം ഇത് നമുക്ക് നേടാവതല്ല. ഈ അനുഗ്രഹീത ജോലിയിൽ അല്ലാഹുവിന്റെ സഹായം നമുക്ക് അനിവാര്യമാണ്. സ്വയം കഴിവില്ലാത്ത ഒരു കുട്ടിയെപോലെ, അവന്റെ

ചലനം അവന്റെ പിതാവ് നിയന്ത്രിക്കുന്നു, അങ്ങനെ അവൻ കുറെശ്ശെയായി പൂർത്തിയാക്കുന്നു. അങ്ങനെ ഒടുവിൽ അതു പൂർണ്ണതയിൽ എത്തുന്നു. എല്ലാ ജോലികളും പിതാവാണ് ചെയ്തതെങ്കിലും, ഒരു സ്നേഹത്തിന്റെ അടയാളം എന്ന നില യിൽ, കുട്ടിയുടെ പുറകിൽ ഒരു തലോടൽ കൊടുക്കുന്നു; അവനെ അഭിനന്ദിക്കുന്നു; അവൻ ചെയ്ത ജോലിയെ! പുകഴ്ത്തുന്നു.

ആയതിനാൽ, അല്ലാഹു ഇല്ലാതെ, അവന്റെ സഹായമില്ലാ തെ, നമുക്ക് ഒന്നും തന്നെ ചെയ്യുവാൻ കഴിയുകയില്ല. നമുക്ക് അല്ലാഹു(ത)യുടെ സഹായം ആവശ്യമാണ്, അവന്റെ മാർഗ്ഗ ത്തിൽ അവന്റെ സഹായത്തോടെ പ്രവർത്തിക്കുക. അല്ലാഹു(ത) നമ്മളോട് സഹായം ചോദിക്കുന്നു; അവന് നമ്മുടെ ഒരു സഹായവും ആവശ്യമില്ലെങ്കിൽ പോലും, നമ്മെ പരീക്ഷിക്കുവാൻ വേണ്ടി മാത്രമാണിത്. അത്തരം പരിശോധനകൾ നമ്മുടെ വിശ്വാസത്തിന് ശക്തിപകരുവാൻ അത്യാവശ്യമാണ്. വിശിഷ്യാ ഈ നൂറ്റാണ്ടിൽ, അല്ലാഹുവിന്റെ ദൂതന്റെ കാലഘട്ടത്തിൽ; നിയമ വാഹകനല്ലാത്ത ഒരു ദൂതന്റെ കാലഘട്ടത്തിലാണെങ്കിലും ശരി!

അധികാരത്തിലിരിക്കുന്ന ഒരു മനുഷ്യനും ഒരിക്കലും ഇസ്ലാ മിനെ തുടച്ചു നീക്കുവാൻ സാധിക്കുകയില്ല. ഇസ്ലാമിന്റെ മൂല്യ ങ്ങളെ ഉയർത്തിപ്പിടിക്കുവാൻ അല്ലാഹു(ത) സ്ഥാപിച്ചതാണ് ജമാ അത്തുസ്സഹീഹിൽ ഇസ്ലാം. വിശുദ്ധഖുർആന്റെയും വിശുദ്ധസു ന്നത്തിന്റെയും ഹസ്രത്ത്മിർസാഗുലാം അഹ്മദ് (അ)ന്റെയും പരി ശുദ്ധിയെ സംരക്ഷിക്കുന്നതിനായി, ഈ വിനീതനുശേഷവും, ഓരോ സമയവും ഇസ്ലാം അപകടത്തിൽ പെടുമ്പോൾ, അല്ലാ ഹു(ത) അവന്റെ പ്രതിനിധികളെ അയച്ചുകൊണ്ടിരിക്കുന്നതാ ണ്, ഇസ്ലാമിന്റെ പദവിയും മഹത്വവും ഉയർത്തിപിടിക്കുന്നതിനാ യി, ഇസ്ലാം അന്തിമമതമാണ് അഥവാ ജീവിത വഴിയാണ്. കാലാ രംഭം മുതൽ തന്നെ ഇതുതന്നെയായിരിന്നു ആദ്യത്തേതും ഏറ്റവും പഴക്കമുള്ളതുമായ ജീവിത വഴി.

അതുകൊണ്ട്, ഞാൻ എല്ലാ മുസ്ലിംകളെയും ഉപദേശിക്കു കയാണ്. വിശിഷ്യ എന്റെ ശിഷ്യന്മാരെ, നിങ്ങളുടെ ധനം ത്യാഗം ചെയ്യുന്നതിനെ നിങ്ങൾ ഭയപ്പെടരുത്; അല്ലാഹുവിന്റെ വഴിയിൽ സഞ്ചരിക്കുന്നതിനും നിങ്ങൾ ഭയപ്പെടരുത്. ഇത്തരം സമയങ്ങ ളാണ് ഏറ്റവും നല്ല അനുഗൃഹീത സമയങ്ങൾ! എവിടെയൊക്കെ

അനീതി നടമാടുന്നുണ്ടോ അവിടെയൊക്കെ നിങ്ങൾ നീതി കൊണ്ട് നിറയ്ക്കുക. അല്ലാഹു(ത)യുമായും അവന്റെ നബി കരീം(സ)യുമായും ഈ വിനീതനുമായും നിങ്ങൾ ഉടമ്പടി ചെയ്യുക. അങ്ങനെ നിങ്ങൾ നിങ്ങളുടെ ഭൂമിയിലെ ജീവിതത്തിന് അടയാളം കണ്ടെത്തുക. ഹസ്രത് മിർസാഗുലാം അഹ്മദ്(അ) അദ്ദേഹത്തിന്റെ കാലത്ത് ചെയ്ത ത്യാഗങ്ങളെ നാം വിസ്മരിച്ചു പോകരുത്. അതുപോലെ അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചവരേയും നാം മറന്നു പോകരുത്. അദ്ദേഹത്തിലൂടെ അല്ലാഹു(ത) ഇസ്ലാമിന്റെ മഹത്വവും പ്രകാശവും വിജയവും പ്രദാനം ചെയ്തിട്ടുണ്ട്. അദ്ദേഹവും ഒരു മസീഹ് ആയിരുന്നു. അദ്ദേഹത്തിന്റെ കാലത്തെ മസീഹായിരുന്നു. ഇസ്ലാമിലെ പ്രഥമ മസീഹായിരുന്നു, ഞാൻ ഇസ്ലാമിലെ രണ്ടാമത്തെ മസീഹ് ആകുന്നു. ഞങ്ങൾ ഇരുവരും ഈസ(അ)ന്റെ പ്രതിരൂപങ്ങളാകുന്നു. ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യെ കുറിച്ചു പറയുകയാണെങ്കിൽ അദ്ദേഹം ഈസ(അ)ന് ശേഷം ആഗതരായി, അല്ലാഹുവിന്റെ ദീനിനെ സമ്പൂർണ്ണമാക്കുന്നതിനുവേണ്ടി, അന്തിമമായ നിയമ വ്യവസ്ഥ പൂർത്തീകരിക്കുന്നതിനായി അതായത് വിശുദ്ധഖുർആൻ! (ഞാൻ അവസാനത്തെ എന്നും അന്തിമമെന്നും ഉപയോഗിച്ച വാക്കുകൾ, വിശുദ്ധഖുർആൻ ആണ് അല്ലാഹു(ത) സ്ഥാപിച്ച അവസാന നിയമവ്യവസ്ഥ എന്നതിന് ഊന്നൽ നല്കുന്നതിനാണ്. വസ്തുത ഇതാണെന്നിരിക്കിലും അവൻ (അല്ലാഹു) തുടർന്നും ഇസ്ലാമിലെ ദൂതന്മാർക്ക്, ഇസ്ലാമിലെ പരിഷ്ക്കർത്താക്കൾക്ക്, ഇസ്ലാമിലെ അവന്റെ സേവകന്മാർക്ക് നിർദ്ദേശങ്ങൾ നല്കി സംസാരിച്ചുകൊണ്ടിരിക്കും, എന്നാൽ ഇതിൽപെട്ട ഒരാൾക്കും ഒരു പുതിയ നിയമം കൊണ്ടുവരുവാൻ കഴിയുകയില്ല എന്ന് നല്ലതുപോലെ മനസ്സിലാക്കിയിരിക്കണം. വിശുദ്ധഖുർആൻ മാത്രമാണ് അന്തിമ നിയമഗ്രന്ഥം! ഹസ്രത് മുഹമ്മദ് മുസ്തഫ(സ) അവസാനത്തെ നിയമവാഹനകനായ പ്രവാചകനായതുപോലെ) വിശുദ്ധഖുർആൻ അന്തിമ നിയമഗ്രന്ഥമായതുകൊണ്ട് അല്ലാഹു(ത) സംസാരം നിർത്തി എന്ന് ഇതിന് ഒരിക്കലും അർത്ഥമില്ല. ദൈവീക വെളിപാടുകൾ നല്കുന്ന ദൗത്യം പരിശുദ്ധാത്മാവ് നിർത്തിയിട്ടുമില്ല. മലക്ക് ജിബ്രീൽ(അ) അദ്ദേഹത്തിന്റെ ദൗത്യം തുടർന്നു കൊണ്ടിരിക്കുന്നതാണ്. ദൗത്യംനിർത്തിയിട്ടില്ല എന്നതിനുള്ള ജീവിച്ചിരി

ക്കുന്ന തെളിവാണ് ഈ വീനിതൻ! കഴിഞ്ഞകാലത്തും ഇപ്രകാരം സംസാരിച്ചുകൊണ്ടിരുന്നു. ഇസ്ലാമിനെ ശക്തിപ്പെടുത്തുവാൻ നിങ്ങളുടെ സഹായം ആവശ്യമുണ്ട്, അത് നിങ്ങളുടെ ത്യാഗങ്ങളിലൂടെയാണ്.

അതുകൊണ്ട്, അല്ലാഹുവിന്റെ വഴിയിൽ ആരാണ് എന്റെ സഹായികൾ? നാം വളരെ ദുർബലരാണ്, അതുകൊണ്ട് പ്രാർത്ഥിക്കാം. യാ അല്ലാഹ് ! നിന്റെ കഴിവ് കൊണ്ട് ഞങ്ങളുടെ ബലഹീനതെ നീക്കം ചെയ്യേണമെ! നിന്നോടുള്ള ഞങ്ങളുടെ സ്നേഹത്തെ നീ ഉയർത്തേണമെ! ഈ സ്നേഹം നിന്നിലേക്കെത്തിച്ചേരുവാനുള്ള ഒരു വഴിയാക്കി മാറ്റേണമെ! ഈ ലോകത്തും പരലോകത്തും നിന്നിലേക്കുള്ള ഞങ്ങളുടെ വഴി പ്രകാശമാനമാക്കിതരേണമെ! ഞങ്ങൾ കഴിവില്ലാത്തവരാണ്, നിസ്സഹായകരാണ്; നീ എല്ലാത്തിനും കഴിവുറ്റവനാണ്, സർവ്വശക്തനുമാണല്ലോ! നിന്നോടുള്ള വാഗ്ദാനങ്ങൾ പൂർത്തീകരിക്കുവാൻ ഞങ്ങളെ നീ സഹായിച്ചാലും നാഥ! ഈ നൂറ്റാണ്ടിൽ നിന്റെ ഖലീഫയുടെ ആഗമനത്തോടെ ഇസ്ലാമിനെ നീ സഹായിച്ചാലും നാഥ! ഇസ്ലാമിന്റെ വിജയത്തിനാവശ്യമായ സഹായം നീ അദ്ദേഹത്തിന് നല്കിയാലും നാഥാ! അദ്ദേഹത്തെ സഹായിക്കുന്നതിലൂടെ, യാ അല്ലാഹ്! ഞങ്ങൾ നിന്നെയാണ് സഹായിക്കുന്നത്, ഞങ്ങൾ പൂർത്തീകരിക്കുന്നത് നിന്നോടുള്ള ഉത്തരവാദിത്വമാണ്. ഈ പ്രയത്നത്തിൽ നീ ഞങ്ങൾക്ക് വിജയം പ്രദാനം ചെയ്യേണമെ! ഇസ്ലാമിനെയും മുസ്ലിംകളെയും ഇല്ലായ്മ ചെയ്യുവാനും നിന്ദ്യരാക്കുവാനും ശ്രമിക്കുന്ന എല്ലാ ശത്രുക്കളെയും നീ തന്നെ ഇല്ലാതാക്കേണമെ! ആമീൻ സുമ്മ ആമീൻ-യാ റബ്ബൽ ആലമീൻ.....



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*